## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4543** | **22.07.2015-ന് മറുപടിക്ക്**

### ഗാഡ്ഗിൽ - കസ്തൂരി രംഗൻ റിപ്പോർട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ, (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) ഗാഡ്ഗിൽ - കസ്തൂരി രംഗൻ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, പശ്ചിമഘട്ട മേഖലകളിൽ നടപ്പാക്കേണ്ട വിവിധ നിയന്ത്രണങ്ങൾ സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടുണ്ടോ; ഇതു സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) ഇല്ല. ഇക്കാര്യത്തിൽ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) പശ്ചിമഘട്ട മേഖലയിലെ കർഷകർക്ക്, അവരുടെ കൈവശ ഭൂമിക്ക് പട്ടയം ലഭിക്കുന്നതിന് മേൽപ്പറഞ്ഞ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ ; | (ബി) പട്ടയം നൽകുന്നത് സംബന്ധിച്ച് പൊതുവായ ഉത്തരവുകൾ റവന്യൂ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന് കസ്തൂരി രംഗൻ ശുപാർശകളുമായി ബന്ധമില്ല. |
| (സി) പശ്ചിമഘട്ടവുമായി ബന്ധപ്പെട്ട പരിസ്ഥിതിലോല പ്രദേശങ്ങളുടെ അതിർത്തി നിർണ്ണയിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (സി) പരിസ്ഥിതിലോല പ്രദേശങ്ങളുടെ അതിർത്തി നിർണ്ണയിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) ഇത്തരം മേഖലകളിൽ നിലവിൽ ജീവിച്ചുവരുന്നവർക്ക് ഇവിടെനിന്നും താമസം മാറ്റേണ്ടിവരുമോ ; ജനങ്ങളുടെ ആശങ്കയകറ്റാൻ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നിലപാട് എന്തെന്ന് വ്യക്തമാക്കാമോ ? | (ഡി) പശ്ചിമഘട്ട മേഖലയിലെ ജനതയെ സാരമായി ബാധിക്കുന്ന ഒരു നടപടിയും കസ്തൂരി രംഗൻ ശുപാർശകളിൽ ഉൾക്കൊള്ളുന്നില്ല. അത്തരം നടപടികൾ കൈക്കൊള്ളില്ല എന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. ഉപജീവനത്തെയോ കൃഷിവൃത്തിയെയോ ബാധിക്കുന്നതൊന്നും പശ്ചിമഘട്ട സംരക്ഷണ നടപടികളിൽ ഇല്ല. |

സെക്ഷൻ ഓഫീസർ